**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4049** **09-08-2021 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിലെ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അവലോകനയോഗം മണ്ഡലാടിസ്ഥാനത്തിലും മന്ത്രിതലത്തിലും നടത്താറുണ്ട്. യോഗത്തിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും സമയബന്ധിതമായി ആയത് പൂർത്തീകരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. |
| (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ തലശ്ശേരി-വളവുപാറ റോഡ്, കൂത്തുപറമ്പ് റിംഗ് റോഡ്, കീഴ്ലൂർ-കല്ലിക്കണ്ടി റോഡ്, തുവ്വക്കുന്നു-സെൻട്രൽ പൊയിലൂർ റോഡ്, പെരിങ്ങത്തൂർ-മുക്കിൽ പീടിക റോഡ് തുടങ്ങിയവയുടെ നിർമ്മാണ പുരോഗതിയും നിലവിലുള്ള സ്ഥിതിയും വിശദമാക്കാമോ; | (ബി) | നിരത്തു വിഭാഗത്തിനു കീഴിൽ തുവക്കുന്ന് - സെൻട്രൽ പൊയിലൂർ റോഡ് - ഡ്രെയിനേജ് പ്രവൃത്തി പൂർത്തിയായി. പെരിങ്ങത്തൂർ - മുക്കിൽ പീടിക റോഡ് - ജി.എസ്.ബി, ഡബ്ല്യൂ.എം.എം പ്രവൃത്തികൾ പൂർത്തിയായി. ബി.എം പ്രവൃത്തി ആരംഭിക്കേണ്ടതുണ്ട്. ബസ് ഷെൽട്ടർ പൊളിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ട് തർക്കം നിലനിൽക്കുന്നതിനാൽ തുവക്കുന്ന് - പൊയിലൂർ റോഡ് പ്രവൃത്തി താൽക്കാലികമായി തടസ്സപ്പെട്ടിരിക്കുകയാണ്. പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. കെ.എസ്.റ്റി.പി വിഭാഗത്തിനു കീഴിൽ തലശ്ശേരി - വളവുപാറ റോഡ് നവീകരണ പ്രവൃത്തിയിൽ കൂത്തുപറമ്പ് ടൗണിലെ ട്രാഫിക് ഐലന്റ് നിർമ്മാണം, തെക്കിലങ്ങാടിയിലെ ഡിവൈഡർ, ഹാൻഡ് റെയിൽസ്, ഓട നിർമ്മാണം എന്നീ പണികൾ നിലവിൽ പുരോഗതിയിലാണ്. കിഫ്ബി വിഭാഗത്തിനു കീഴിൽ കൂത്തുപറമ്പ് റിംഗ് റോഡ് പ്രവൃത്തിക്ക് 32.08 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായി. LoA നൽകുന്നതിന് ആവശ്യമായ രേഖകൽ കിഫ്ബിയ്ക്ക് സമർപ്പിക്കുന്ന ഘട്ടത്തിലാണ്. കീഴ്ലൂർ കല്ലികണ്ടി റോഡ് 60% പ്രവൃത്തി പൂർത്തീകരിച്ചു. 6.2 കി.മീ. DBM, 4.4 കി മീ. |

| | | | |
|---|---|---|---|
| | | | BC പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ പൂർത്തീകരണത്തിന് നിലവിൽ തടസ്സങ്ങളില്ല. |
| (സി) | പ്രസ്തുത റോഡുകളുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്നും ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്നും വിശദമാക്കാമോ; | (സി) | നിരത്തു വിഭാഗത്തിനു കീഴിൽ ഉവക്കുന്ന് - സെൻട്രൽ പൊയിലൂർ റോഡ് - ഡ്രെയിനേജ് പ്രവൃത്തി പൂർത്തിയായി. പെരിങ്ങത്തൂർ - മുക്കിൽ പീടിക റോഡ് - ജി.എസ്.ബി, ഡബ്ല്യൂ.എം.എം പ്രവൃത്തികൾ പൂർത്തിയായി. ബി.എം പ്രവൃത്തി ആരംഭിക്കേണ്ടതുണ്ട്. ബസ് ഷെൽട്ടർ പൊളിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ട് തർക്കം നിലനിൽക്കുന്നതിനാൽ ഉവക്കുന്ന് - പൊയിലൂർ റോഡ് പ്രവൃത്തി താൽക്കാലികമായി തടസ്സപ്പെട്ടിരിക്കുകയാണ്. പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. കെ.എസ്.റ്റി.പി വിഭാഗത്തിനു കീഴിൽ തലശ്ശേരി - വളവുപാറ റോഡ് നവീകരണ പ്രവൃത്തിയിൽ കൂത്തുപറമ്പ് ടൗണിലെ ട്രാഫിക് ഐലന്റ് നിർമ്മാണം, തെക്കിലങ്ങാടിയിലെ ഡിവൈഡർ, ഹാൻഡ് റെയിൽസ്, ഓട നിർമ്മാണം എന്നീ പണികൾ നിലവിൽ പുരോഗതിയിലാണ്. കിഫ്ബി വിഭാഗത്തിനു കീഴിൽ കൂത്തുപറമ്പ് റിംഗ് റോഡ് പ്രവൃത്തിക്ക് 32.08 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായി. LoA നൽകുന്നതിന് ആവശ്യമായ രേഖകൾ കിഫ്ബിയ്ക്ക് സമർപ്പിക്കുന്ന ഘട്ടത്തിലാണ്. കീഴ്ലൂർ കല്ലികണ്ടി റോഡ് 60% പ്രവൃത്തി പൂർത്തീകരിച്ചു. 6.2 കി.മീ. DBM, 4.4 കി മീ. BC പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ പൂർത്തീകരണത്തിന് നിലവിൽ തടസ്സങ്ങളില്ല. |
| (ഡി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ചെറ്റക്കണ്ടി- വിളക്കോട്ടൂർ-സെൻട്രൽ പൊയിലൂർ- ചമതക്കാട്- വടക്കേപൊയിലൂർ റോഡ്, പാനൂർ- കൈവേലിക്കൽ- കുന്നോത്തുപറമ്പ് റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ ? | (ഡി) | നിലവിൽ പ്രസ്തുത റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ